# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1954 15.07.2016 -ൽ മറുപടിയ്ക്ക്

### കൊക്കൊകോള കമ്പനിയുടെ ജലചൂഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ. | | മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) ആദിവാസി മേഖലയിൽ നിന്ന് കൊക്കൊകോള കമ്പനി ജലചൂഷണം നടത്തിയതിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;<br><br>സി) കേസ് രജിസ്റ്റർ ചെയ്തതിനുശേഷം ഇതേവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>ഡി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ? | എ)<br>ബി)<br>സി)<br>&<br>ഡി) | പ്ലാച്ചിമടയിൽ കൊക്കൊകോള കമ്പനിയുടെ പ്രവർത്തനഫലമായി പരിസ്ഥിതി മലിനീകരണം മൂലം നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുക എന്നത് ലക്ഷ്യമിട്ട് ഇതു സംബന്ധിച്ച കേസുകൾ ഫയൽ ചെയ്യുന്നതിന് ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനായി, നിയമസഭ പാസാക്കിയ 'പ്ലാച്ചിമട കോക്കൊകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011' ന്, ദേശീയ ഹരിത ട്രിബ്യൂണൽ 2010 – ൽ നിലവിൽ വന്നതിനാൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചില്ല. ട്രിബ്യൂണൽ രൂപീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിക്കാം എന്നത് നിയമ വകുപ്പുമായി ആലോചിച്ചു വരികയാണ് |

സെക്ഷൻ ഓഫീസർ